# പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട

നിയമസഭാ ചോദ്യം നമ്പർ : 29

06.01.2014-ൽ മറുപടിക്ക്.

## ജനമൈത്രി പോലീസ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സി.പി. മുഹമ്മദ്<br>ശ്രീ.എ.റ്റി.ജോർജ്<br>ശ്രീ.കെ.മുരളീധരൻ<br>ശ്രീ.ആർ.സെൽവരാജ് | ശ്രീ. രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| (എ) ജനമൈത്രി പോലീസ് പദ്ധതി, പരാതികൾ പരിഹരിച്ച് കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് എന്തെല്ലാം കർമ്മ പദ്ധതികളാണ് ആസൂത്രണം ചെയ്തിട്ടുള്ളതെന്ന് വിശദമാക്കുമോ. | : (എ) ജനമൈത്രീ പോലീസ് പദ്ധതി കൂടുതൽ ജനോപകാരപ്രദവും, കാര്യക്ഷമവുമാക്കുന്നതിനായി ബീറ്റ് ഡ്യൂട്ടികൾ ശക്തിപ്പെടുത്തിയിട്ടുണ്ട്. പൊതുജനങ്ങളുമായി നിരന്തരം ബന്ധപ്പെട്ട് അവരുടെ പ്രശ്നങ്ങളിലും, പരാതികളിലും ഫലപ്രദമായ നിയമനടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. ജനപ്രതിനിധികൾ, റസിഡന്റ്സ് അസോസിയേഷനുകൾ, കുടുംബശ്രീ യൂണിറ്റുകൾ, മറ്റ് സന്നദ്ധ സംഘടനകൾ എന്നിവരെ സംഘടിപ്പിച്ചുകൊണ്ട് ജനമൈത്രി പോലീസ് ഉദ്യോഗസ്ഥരുടെ നേതൃത്വത്തിൽ ബോധവൽക്കരണ പരിപാടികളും, സെമിനാറുകളും നടത്താറുണ്ട്. ജനമൈത്രീ പോലീസ് പദ്ധതി വ്യാപിപ്പിക്കുന്നതിൻെറ ഭാഗമായി 3.09.2011 ലെ ജി.ഒ (എം.എസ്) നമ്പർ 201/11/ആഭ്യന്തരം പ്രകാരം 740 തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. കൂടാതെ 20.11.2012 ലെ ജി.ഒ (ആർ.റ്റി) നമ്പർ 3424/12/ആഭ്യന്തരം പ്രകാരം 100 പോലീസ് സ്റ്റേഷനുകളിൽ കൂടി ജനമൈത്രി പോലീസ് പദ്ധതി വ്യാപിപ്പിച്ചിട്ടുണ്ട്. പ്രസ്തുത പോലീസ് സ്റ്റേഷനുകളിലേയ്ക്ക് ആവശ്യമായ 500 തസ്തികകൾ സൃഷ്ടിക്കുന്നതിനായി സംസ്ഥാന പോലീസ് മേധാവിയിൽ നിന്നും ലഭിച്ചിട്ടുള്ള പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു. |
| (ബി) ഇതു സംബന്ധിച്ച് പഠനം നടത്തുന്നതിന് ആരെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്. വിശദാംശങ്ങൾ എന്തെല്ലാം;<br><br>സി) പഠന റിപ്പോർട്ട് പ്രസിദ്ധീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | : (ബി &സി) ജനമൈത്രി പോലീസ് പദ്ധതിയുടെ പ്രവർത്തനം വിലയിരുത്തുന്നതിനും പഠനം നടത്തുന്നതിനുമായി ഉദ്യോഗസ്ഥർക്ക് വേണ്ട നിർദ്ദേശങ്ങൾ നൽകുന്നതിനുമായി പോലീസ് അഡീഷണൽ ഡയറക്ടർ ജനറൽ ഡോ. ബി. സന്ധ്യ ഐ.പി.എസിനെ സംസ്ഥാന നോഡൽ ഓഫീസറായി നിയമിച്ചിട്ടുണ്ട്. കൂടാതെ Influence of Janamaithri Suraksha Project on the communities എന്ന വിഷയത്തിൽ രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസസ്, കൊച്ചിയും, An |

Evaluation of the Community Policing Programme in Kerala എന്ന വിഷയത്തിൽ റ്റാറ്റാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സോഷ്യൽസ് എന്ന സ്ഥാപനവും പഠനം നടത്തിയിട്ടുണ്ട്.

ഈ റിപ്പോർട്ടുകൾ www.keralapolice.org എന്ന വെബ് സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

(ഡി) എങ്കിൽ പ്രസ്തുത റിപ്പോർട്ടിലെ ശുപാർശകളിൻമേൽ എന്തെല്ലാം തുടർനടപടികളാണ് കൈക്കൊള്ളാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം?

ഡി) ജില്ലാ പോലീസ് മേധാവിയുടെ നേതൃത്വത്തിൽ പോലീസ് ഉദ്യോഗസ്ഥർ ബീറ്റ് സന്ദർശനം, ഗൃഹ സന്ദർശനം എന്നിവ നടത്തി പരിഷ്ക്കരിച്ച പ്രൊഫോർമയിൽ റിപ്പോർട്ട് ലഭ്യമാക്കുവാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

'ആദിവാസി സുരക്ഷയും ജനമൈത്രീ പോലീസിൻെറ പങ്കും', 'വനിതാ ശിശു സുരക്ഷയിൽ, ജനമൈത്രീ പോലീസിൻെറ പങ്ക്' എന്നീ വിഷയങ്ങളിൽ തൃശ്ശൂരും, തിരുവനന്തപുരത്തും രണ്ടു ദിവസത്തെ പരിശീലന പരിപാടികൾ സംഘടിപ്പിച്ചിരുന്നു. ഈ വർക്ക് ഷോപ്പുകളിൽ Communication skills, Positive Attitude Towards Tribes and Spirit of Enactment എന്നീ വിഷയങ്ങളെ അധികരിച്ച് ക്ളാസ്സുകൾ നടന്നു. Senior Citizens, Management Labour, Communal harmony എന്നീ വിഷയങ്ങളിൽ സെമിനാറുകൾ സംഘടിപ്പിക്കാൻ റേഞ്ച് ഐ.ജി. മാരോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഇതിനായി പ്ളാൻ ഫണ്ടിൽ തുക അനുവദിച്ചിട്ടുണ്ട്. കൂടാതെ ബീറ്റ് ഓഫീസർമാർക്കുള്ള മൂന്നു ദിവസത്തെ പരിശീലന പരിപാടി പോലീസ് ട്രെയിനിംഗ് കോളേജിൽവെച്ച് നൽകിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ